# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3677 — 11.12.2018 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളുടെ ഡയറക്ടർ തസ്തിക**

ചോദ്യം

ശ്രീ. കെ. സി. ജോസഫ്
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, എം. വിൻസെന്റ് :

ഉത്തരം

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാല ചട്ടമനുസരിച്ച് അഫിലിയേറ്റഡ് കോളേജുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾക്ക് സർവ്വകലാശാല അംഗീകാരം നൽകുന്നുണ്ടോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | കേരള സർവ്വകലാശാല പുതുതായി സൃഷ്ടിച്ച സ്വാശ്രയ സ്ഥാപനങ്ങളുടെ (ഡി.ഒ.എം.ടി.ഇ.സി.) ഡയറക്ടർ തസ്തികയിൽ വൈസ് പ്രിൻസിപ്പൽമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി ചട്ടവിരുദ്ധമല്ലേ എന്ന് വെളിപ്പെടുത്താമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത തസ്തിക സ്ഥിരപ്പെടുത്താൻ സർവ്വകലാശാല നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | കരാറടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് ഏതൊക്കെ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു; വിശദമാക്കുമോ; | (ഡി) | കരാർ അടിസ്ഥാനത്തിലുള്ള തസ്തികയിലേക്കുള്ള നിയമനമായതിനാൽ സർവ്വകലാശാല പത്രക്കുറിപ്പാണ് നൽകിയിട്ടുള്ളത്. |
| (ഇ) | എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ആരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചിരുന്നത്; | (ഇ) | 7,<br>ഒന്നാം റാങ്ക് ലഭിച്ച ഡോ.ജൂബിലി നവപ്രഭയെ നിയമിച്ചിരുന്നു. |
| (എഫ്) | ഇന്റർവ്യൂ നടത്തിയ ബോർഡിന്റെ ചെയർമാൻ ആരായിരുന്നു; വിശദമാക്കുമോ? | (എഫ്) | എ.എ. റഹിം, കൺവീനർ, സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ്, എക്യൂപ്മെന്റ് ആൻഡ് ബിൽഡിംഗ് |

സെക്ഷൻ ഓഫീസർ